# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 10/09/ 2020

## വയോധികയുടെ മാല പൊട്ടിച്ച് കടന്ന പ്രതി അറസ്റ്റിൽ (പ്രതിയെ 48 മണിക്കൂറിനുള്ളിൽ അറസ്റ്റ് ചെയ്തു)

കണ്ണനല്ലൂർ: പുലിയില നാലാംമൈലിലെ കടയുടമയായ വൃദ്ധയുടെ മാല പൊട്ടിച്ച് കടന്നു കളഞ്ഞ യുവാവിനെ കണ്ണനല്ലൂർ കൃത്യമായ അന്വേഷണത്തിനൊടുവിൽ കണ്ടെത്തി അറസ്റ്റ് ചെയ്തു . അപഹരിക്കപ്പെട്ട ആഭരണവും കവർച്ചക്കുപയോഗിച്ച വാഹനവും കസ്റ്റഡിയിൽ എടുത്തു.

07.08.2020 വൈകിട്ട് മൂന്ന് മണിയോടെ വൃദ്ധ മാത്രം ഉള്ള കടയിൽ വന്ന യുവാവ്, കടയില് നിന്നും സിഗരറ്റും, വെള്ളവും വാങ്ങി ഉപയോഗിച്ച ശേഷം, അവിടെ നിന്നും മടങ്ങിയ പ്രതി , സാഹചര്യങ്ങൾ നോക്കി മനസ്സിലാക്കിയ ശേഷം, വീണ്ടും മടങ്ങിയെത്തി കുറച്ചു സാധനങ്ങൾ കൂടി ആവശ്യപ്പെട്ട് കടയ്ക്കുള്ളിലേക്ക് പോയ വൃദ്ധയെ കഴുത്തിന് കുത്തി പിടിച്ച് , മാല പൊട്ടിച്ച് കടന്നു കളയുകയാന്നുണ്ടായത് . വിവരം അറിഞ്ഞെത്തിയ കണ്ണനല്ലൂർ പോലീസ് സംഘം നടത്തിയ വിശദമായ അന്വേഷണത്തിനൊടു വിൽ , പ്രതി കടന്നുകളഞ്ഞ വാഹനത്തെ പറ്റി ഏകദേശ ധാരണ ലഭിക്കുകയും, , തുടർന്ന് പ്രദേശത്തുള്ള CCTV ക്യാമറകളും, മൊബൈൽ ഫോൺ റികോർഡുകളും , ദൃക്സാക്ഷിമൊഴികൾ എന്നിവ കൂട്ടിയോജിപ്പിച്ചു നടത്തിയ അന്വേഷണത്തിനൊടുവിൽ പ്രതിയെ കണ്ടെത്തുകയായിരുന്നു.

കുണ്ടറ നാന്തിരിക്കൽ സ്വദേശിയായ വിപിൻ വിൽസൺ ആണ് അറസ്റ്റിലായത് , പ്രതി ആസാമിൽ കയർഫെഡിന്റെ ഷോറൂമിലെ ഉദ്യോഗസ്ഥനാണ്. ലോക് ഡൌൺ കാലയളവിൽ ജോലി ഇല്ലാതെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനെ തുടർന്നാണ് ഇത്തരം കുറ്റകൃത്യത്തിൽ എർപെട്ടതെന്ന് പ്രതി കുറ്റസമ്മതം നടത്തി. ജില്ലാ പോലീസ് മേധാവി ശ്രീ നാരായണൻ ഐ പി എസിന്റെ നിർദ്ദേശാനുസരണം എ സി പി ചാത്തന്നൂർ ഷൈനു തോമസിന്റെ നേതൃതത്തിൽ കണ്ണനല്ലൂർ പോലീസ് ഇൻസ്പെക്ടർ യു പി വിപിൻ കുമാർ , എസ് ഐ നിയാസ്, സുന്ദരേഷൻ ,രാജേന്ദ്രൻ പിള്ള, ജയകുമാർ (ഡാൻസാഫ്), എ എസ് ഐ സതീഷ് കുമാർ, സിപിഒ മാരായ മുഹമ്മദ് നജീബ്, ഡാൻസാഫ് അംഗങ്ങളായ സിനു , രിപു എന്നിവർഅടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത് . കൂടാതെ പ്രതിയെ വരും ദിവസങ്ങളിൽ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ അന്വേഷണം നടത്തുമെന്ന് കണ്ണനല്ലൂർ എസ് എച്ച് ഒ അറിയിച്ചു.